# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2893** 13.07.2015 ലെ മറുപടിയ്ക്ക്

## സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ പരിഷ്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്ന സ്വാതന്ത്ര്യ സമര സേനാനികൾക്ക് നിലവിൽ എത്ര ശതമാനം ഡി.എ. ആണ് നൽകുന്നത് എന്നും നിലവിലുള്ള ഡി.എ എന്നുമുതലാണ് നൽകി വരുന്നത് എന്നും അറിയിക്കാമോ; | (എ) | നിലവിൽ 6125/- രൂപ അടിസ്ഥാന പെൻഷനും അതിന്റെ 60 ശതമാനം ക്ഷാമബത്തയും (3675/-രൂപ) സഹിതം 9800/- രൂപ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനായി/ഇടർ പെൻഷനായി അനുവദിക്കുന്നുണ്ട്. കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 10.9.2012-ൽ ആണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന് 01.08.2012 മുതൽ പ്രാബല്യമുണ്ട്. |
| (ബി) | സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ പരിഷ്കരണത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ; ജീവിത വില സൂചിക ഒട്ടേറെ ഉയർന്നിട്ടും സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ കഴിഞ്ഞ നാലു വർഷമായി പരിഷ്കരിച്ച് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തു കാരണത്താലാണ് ഡി.എ പരിഷ്കരിച്ചു നൽകാത്തത് എന്ന് വ്യക്തമാക്കുമോ; | (ബി) | കാലാകാലങ്ങളിലെ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ/ ക്ഷാമബത്ത വർദ്ധിപ്പിക്കുന്നത്. സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ഒരു ക്ഷേമ പെൻഷനല്ല. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ അർഹരായ കുടുംബാംഗങ്ങൾക്കും രാജ്യം നൽകുന്ന ആദരമാണ്. ആയതിനാൽ സർവ്വീസ് പെൻഷനും ക്ഷേമ പെൻഷനുകളും വർദ്ധിപ്പിക്കുന്ന രീതിയിൽ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനും ക്ഷാമബത്തയും വർദ്ധിപ്പിക്കാറില്ല. |

| | | | |
|---|---|---|---|
| (സി) | സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ അടിയന്തരമായി വർദ്ധിപ്പിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരള സ്വാതന്ത്ര്യ സമര സേനാനികളുടെ ഡി.എ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ